കേരളഭൂഷണം Estd: 1944

29 July 2023

# അമേരിക്കൻ വിദ്യാർത്ഥി സംഘം സിഎംഎഫ്ആർഐയിൽ

കൊച്ചി: കേരളത്തിലെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ചെറുകിട സംരംഭങ്ങൾക്ക് പ്രശംസയുമായി അമേരിക്കയിൽ നിന്നുള്ള വിദ്യാർത്ഥികൾ.

സംസ്ഥാനത്തിന്റെ മത്സ്യമേഖലയെകുറിച്ച് മനസിലാക്കുന്നതിനായി സന്ദർശനത്തിനെത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ (എംഎസ്യു) നിന്നുള്ള 10 വിദ്യാ?ത്ഥികളും രണ്ട് അധ്യാപകരുമാണ് മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണ മാതൃക അടുത്തറിഞ്ഞത്.



തീരമൈത്രി യൂണിറ്റുകൾ, സ്വയം സഹായക വനിതാസംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉത്പാദനം എന്നി മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാസംരംഭങ്ങൾ അമേരിക്കൻ സംഘത്തിന്റെ പ്രത്യേക ശ്രദ്ധ ആകർഷിച്ചു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളുടെ പഠന പരിശീലന യാത്ര. മത്സ്യമേഖലയെ കുറിച്ചും ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെ സാമൂഹികസാമ്പത്തിക നിലവാരം മനസ്സിലാക്കാനുമായി 15 ദിവസം കേരളത്തിൽ ചിലവിട്ടു. ചെറുകിടസംരംഭങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധം, കുടുംബശ്രീകൾ നടത്തുന്ന മത്സ്യമൂല്യവർധിത ഉത്പാദന യൂണിറ്റുകൾ, മത്സ്യവകുപ്പിന് കീഴിലുള്ള മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) പ്രവർത്തനങ്ങൾ തുടങ്ങിയവ ശ്രദ്ധയാകർഷിച്ചു.

സിഎംഎഫ്ആർഐയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനുമായും വിവിധ വകുപ്പ് മേധാവികളുമായും ആശയവിനിമയം നടത്തി.

എളങ്കുന്നപ്പുഴ, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളുടെയും കൊച്ചി നഗരസഭയുടെയും പ്രവർത്തനങ്ങൾ മനസ്സിലാക്കി. കൊച്ചിൻ കോർപ്പറേഷന് കീഴിൽ സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 'സമൃദ്ധി' ഭക്ഷണശാല പലരിലും കൗതുകമുണർത്തി.